പരിധിയും ഡിഗ്രി തലം വരെ 25,000 രൂപ വരുമാന പരിധിയും പി.ജി., പോളിടെക്നിക്, പ്രൊഫഷണൽ കോഴ്സുകൾക്ക് 42,000 രൂപ വരുമാന പരിധിയുള്ളവർക്കാണ് ഫീസാനുകൂല്യം നൽകിവരുന്നത്. ഒ.ഇ.സി., ഒ.ബി.സി., എസ്.സി.ബി.സി., സി.ഇ.ബി.സി. എന്നീ വിഭാഗങ്ങളിലായി 70 കോടിയോളം രൂപ ഈ ഇനത്തിൽ ചെലവഴിക്കുന്നതിനുപുറമേ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയിൻകീഴിൽ 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിൽ 7.22 കോടി രൂപയുൾപ്പെടെ ഈ സാമ്പത്തിക വർഷം ലഭിച്ചതടക്കം 10.8 കോടി രൂപ ഈ ഇനത്തിൽ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. ഈ സ്കോളർഷിപ്പ് തുക ലാപ്സാകുന്ന ഒന്നല്ല. എന്നാൽ എല്ലാ ഒ.ബി.സി. വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിക്കാൻ ഈ തുക പര്യാപ്തമല്ല. സ്കോളർഷിപ്പ് അനുവദിക്കുന്നതിനാവശ്യമായ 80 കോടി രൂപ അനുവദിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. 2009-2010 വർഷത്തിൽ കേവലം 3.9 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് പ്രതിമാസം 90 രൂപ നിരക്കിൽ 10 മാസത്തേക്ക് 900 രൂപ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും ഇതിനുള്ള ഉത്തരവിറക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഈ പദ്ധതിപ്രകാരം കേന്ദ്ര സഹായമായി ഇതുവരെ ലഭിച്ച 10 കോടി 8 ലക്ഷം രൂപയും ഈ വർഷംതന്നെ ചെലവഴിക്കുന്നതാണ്. ഈ സ്കോളർഷിപ്പ് തുക ലാപ്സായി എന്ന ആക്ഷേപവും വിദ്യാർത്ഥികൾക്ക് ആനുകൂല്യം നഷ്ടമായി എന്ന ആരോപണവും ശരിയല്ല.

2. ട്രെയിൻ യാത്രയിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കൊച്ചി-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിനിൽ യാത്ര ചെയ്ത പെൺകുട്ടിക്കുണ്ടായിട്ടുള്ള ദുരന്തം മനസ്സിൽനിന്ന് ഭയവും സങ്കടവും വിട്ടുമാറാത്ത ഒരു അനുഭവമാണ്. സൗമ്യ എന്നുപറയുന്ന പെൺകുട്ടി ഒരു കല്യാണാലോചനയുമായി വീട്ടിൽ പോകുമ്പോൾ ട്രെയിൻ യാത്രക്കിടയിൽ ഒറ്റപ്പെടുകയും ഒറ്റയ്ക്ക് ഒരു കമ്പാർട്ടുമെന്റിൽ യാത്ര ചെയ്യേണ്ടിവന്ന സൗമ്യയെ തമിഴ്നാട് സ്വദേശിയായ ഒറ്റക്കയ്യനായ ഒരു തെമ്മാടി വണ്ടിയിൽനിന്നും തള്ളിത്താഴെയിട്ട് അതിക്രൂരമായി മാനഭംഗപ്പെടുത്തുകയും കൊലപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ആശുപത്രിയിൽചെന്ന് ആ കുട്ടിയെ കാണുകയും ആവശ്യമായിട്ടുള്ള കാര്യങ്ങളെല്ലാം അവിടെ ചെയ്തിട്ടുണ്ട്. ഇതൊരു അനുഭവ പാഠമാക്കിക്കൊണ്ട് ട്രെയിൻ യാത്രയിൽ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതം മനസ്സിലാക്കി കർശനമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകേണ്ടതുണ്ട്. ട്രെയിനിൽ വനിതാ കമ്പാർട്ടുമെന്റ് ഏറ്റവും പുറകിലാണ് അറ്റാച്ച് ചെയ്തിരിക്കുന്നത്. ഞങ്ങൾ വനിതാ സംഘടനകളൊക്കെ നിരവധി തവണ ആവശ്യപ്പെട്ടതിന്റെ ഫലമായി വനിതാ കമ്പാർട്ടുമെന്റ് ട്രെയിനിന്റെ മധ്യഭാഗത്തായി ചേർക്കുന്നതിന് ഒരു ഘട്ടത്തിൽ തയ്യാറായിരുന്നു. എന്നാൽ അത് വീണ്ടും ട്രെയിനിന്റെ പിന്നിലേക്ക് മാറ്റുന്ന

LIBRARY ARCHIVES Kerala Legislative Assembly

അനുഭവമാണുണ്ടായിട്ടുള്ളത്; അത് ട്രെയിനിന്റെ മധ്യഭാഗത്ത് സുരക്ഷിതമായ സ്ഥാനത്ത് പുനഃസ്ഥാപിക്കണം. ഇന്ത്യൻ റെയിൽവേയുടെ നിസ്സംഗതയും കുറ്റകരമായ അനാസ്ഥയും ശ്രദ്ധയിൽപ്പെടുത്താതിരിക്കാൻ നിർവ്വാഹമില്ല. ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്ന പാസഞ്ചർമാർ സുരക്ഷിതത്വംകൂടി ആഗ്രഹിക്കുന്നുണ്ട്. ഇന്ത്യൻ റെയിൽവേയിൽ സർവ്വീസ്സിലുള്ള പോലീസുകാരുടെ എണ്ണം വളരെ കുറവാണെന്നാണ് മനസ്സിലാക്കുന്നത്. ഇത്തരം കമ്പാർട്ടുമെന്റുകളിൽ കാവൽ ഏർപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള പോലീസ് സേനയുണ്ടാകണം. മൊബൈൽ ഫോൺവഴി അപകടത്തെക്കുറിച്ച് അറിയിക്കാൻ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നേരത്തെ റെഡ് അലർട്ട് എന്ന സംവിധാനം ഉണ്ടായിരുന്നു വെങ്കിലും ഇപ്പോൾ അതൊന്നും പ്രവർത്തനസജ്ജമല്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഈ സംവിധാനം പുനഃസ്ഥാപിക്കണം. പലപ്പോഴും ട്രെയിനിനകത്ത് സ്ത്രീകൾ ഭീഷണിക്ക് വിധേയരാകാറുണ്ട്. മയക്കുമരുന്ന് കലർത്തിയ ഭക്ഷണം നൽകി ട്രെയിൻ യാത്രക്കാരെ കൊള്ളയടിക്കുന്ന അനുഭവവുമുണ്ട്. പെൺകുട്ടികളൊക്കെ വലിയ പ്രയാസം സഹിച്ചാണ് ട്രെയിനിൽ യാത്ര ചെയ്യുന്നത്. ഇത് മനസ്സിലാക്കി റെയിൽവേ സംരക്ഷണസേനയുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് കമ്പാർട്ടുമെന്റുകളിൽ കാവൽ നിർത്തുന്നതിനും വനിതാ കമ്പാർട്ടുമെന്റിൽ പ്രത്യേകിച്ച് കാവൽ ഏർപ്പെടുത്തുന്നതിനും തയ്യാറാകണം. കോച്ചിന്റെ പകുതി ഭാഗമാണ് ചിലപ്പോൾ സ്ത്രീകൾക്ക് റിസർവ്വ് ചെയ്യുന്നത്. ബാക്കി പകുതി ഭാഗം മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. സ്ത്രീകൾക്കുവേണ്ടി ഒരു കോച്ച് പൂർണ്ണമായി റിസർവ്വ് ചെയ്യണം, നമ്മുടെ റെയിൽവേ സ്റ്റേഷനുകൾ പലതും പൂർണ്ണമായി നവീകരിക്കപ്പെട്ടിട്ടില്ല. ഏറ്റവും അവസാനത്തെ കമ്പാർട്ടുമെന്റിന് പ്ലാറ്റ്ഫോംപോലും ഉണ്ടാകുകയില്ല. വനിതാ കമ്പാർട്ടുമെന്റ് ഏറ്റവും പിന്നിലാകുമ്പോൾ അവിടെനിന്ന് സ്ത്രീകൾക്ക് ട്രെയിനിൽ കയറാനും ഇറങ്ങാനും വലിയ ബുദ്ധിമുട്ടാണ്. ചിലപ്പോൾ ലൈറ്റ് പോലുമില്ലാത്ത സ്ഥലത്താണ് ഈ കംപാർട്ടുമെന്റ് ചെന്നുനിൽക്കുന്നത്. അതുകൊണ്ട് വനിതാ കമ്പാർട്ടുമെന്റ് കൂടുതൽ സുരക്ഷിതമായിട്ടുള്ള സ്ഥാനത്ത് അറ്റാച്ച് ചെയ്യണം. വളരെ പാവപ്പെട്ട കുടുംബത്തിലെ അംഗമായ സൗമ്യക്കുണ്ടായ ദുരന്തം മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്നതാണ്. ആ കുടുംബത്തെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റും ഇന്ത്യൻ റെയിൽവേയും അടിയന്തരമായി നടപടി കൈക്കൊള്ളേണ്ടതായിട്ടുണ്ട്. ഇപ്പോൾ നാമമാത്രമായിട്ടുള്ള ഒരു സഹായം പ്രഖ്യാപിച്ചതു പോരാ. അടിയന്തരമായി എല്ലാ നടപടികളും സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, കൊച്ചി എടപ്പള്ളിയിലെ ഒബ്റോൺ മാളിൽ ഇന്റീരിയർ ഡിസൈനറായി ജോലിചെയ്തുവന്ന ഷൊർണ്ണൂർ മഞ്ഞക്കാട് സ്വദേശിനി സൗമ്യ, 24 വയസ്, എറണാകുളം-ഷൊർണ്ണൂർ പാസ്സഞ്ചർ ട്രെയിനിൽ 1-2-2011-ൽ വീട്ടിലേക്ക് വരുമ്പോൾ ആദ്യം വനിതാ കംപാർട്ടുമെന്റിലിരുന്ന സൗമ്യ പ്രസ്തുത കംപാർട്ടുമെന്റിൽ മറ്റാരും ഇല്ലാതിരുന്നതുകൊണ്ട് തൊട്ടടുത്തുള്ള കംപാർട്ടുമെന്റിൽ കയറുകയുണ്ടായി. എന്നാൽ അതിലും മറ്റ് യാത്രക്കാർ ഉണ്ടായിരുന്നില്ല എന്ന വിവരമാണ് അറിയാൻ കഴിഞ്ഞത്. രാത്രി 8.30-ന് ട്രെയിൻ വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

വിട്ടസമയം സ്റ്റേഷനിൽനിന്ന് സൗമ്യ ഇരിക്കുകയായിരുന്ന കംപാർട്ടുമെന്റിൽ കയറിയ വികലാംഗനും തമിഴ്നാട് കടലൂർ വിരുദാചലം സ്വദേശിയുമായ അറുമുഖൻ മകൻ ഗോവിന്ദച്ചാമി- ചാർളിയെന്നും അയാളെ വിളിക്കുന്നുണ്ട്- സൗമ്യയെ കടന്നുപിടിക്കുകയും പിടിവലിക്കിടയിൽ പ്രതി സൗമ്യയെ ട്രെയിനിൽനിന്നും പുറത്തേക്ക് തള്ളിയിടുകയുമുണ്ടായി. ട്രെയിനിൽനിന്നും പിന്നാലെ ചാടിയ ഗോവിന്ദച്ചാമി യുവതിയുടെ തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച ശേഷം ക്രൂരമായി ബലാൽസംഗംചെയ്ത് ചെറുതുരുത്തി കലാമണ്ഡലത്തിന് സമീപമുള്ള റെയിൽവേ ട്രാക്കിൽ ഉപേക്ഷിച്ചുപോയി എന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. ഒരു പെൺകുട്ടിയും പുരുഷനും ട്രെയിനിൽനിന്ന് ചാടിയെന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ട്രെയിൻ ഗാർഡ് ശ്രീ. ജോബി സക്കറിയ റെയിൽവേ സ്റ്റേഷനിൽ അറിയച്ചതിനെത്തുടർന്ന് റെയിൽവേ പോലീസും ചെറുതുരുത്തി പോലീസും കൂടി അന്വേഷണം നടത്തിവരവെയാണ് ചെറുതുരുത്തി കലാമണ്ഡലത്തിന് സമീപമുള്ള റെയിൽവേ ട്രാക്കിൽ പരിക്കേറ്റ പെൺകുട്ടിയെ കാണുകയും തുടർന്ന് ആ സ്ഥലത്തുനിന്നും ചികിത്സയ്ക്കായി തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോകുകയും ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ ചെറുതുരുത്തി പോലീസ് സ്റ്റേഷനിൽ ഇന്ത്യൻ ശിക്ഷാനിയമം 307, 376 എന്നീ വകുപ്പുകൾ ചേർത്ത് ക്രൈം 41/2011-ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ നിർദ്ദേശപ്രകാരം നാല് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. എറണാകുളം മുതൽ കോയമ്പത്തൂർവരെ പ്രതിയെകണ്ടെത്താൻ നടത്തിയ ഊർജ്ജിതമായ അന്വേഷണത്തിൽ ഈ ഹീനകൃത്യം നടത്തിയ വ്യക്തിയെ പാലക്കാട് ഭാഗത്തുവച്ച് അന്നേ ദിവസം രാത്രി 11 മണിയോടെ പോലീസ് അറസ്റ്റ് ചെയ്തു. ആ സംഭവമുണ്ടായതിനുശേഷം പോലീസ് ഇക്കാര്യത്തിൽ അതീവ ജാഗ്രതയോടെ പ്രവർത്തിച്ചിട്ടുണ്ട്. . ഈ കേസ്സിന്റെ അന്വേഷണം ചേലക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടറാണ് നടത്തിവരുന്നത്. ചികിത്സയിലായിരുന്ന സൗമ്യ 6-2-2011-ന് മരണപ്പെട്ട ദുഃഖകരമായ വാർത്തയാണ് പിന്നീട് നമുക്ക് കേൾക്കാൻ സാധിച്ചത്. കേന്ദ്ര ഗവൺമെന്റ് അധീനതയിലുള്ള റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും സംസ്ഥാന സർക്കാരിന്റെ അധീനതയിൽ വരുന്ന കേരള ഗവൺമെന്റിന്റെ റെയിൽവേ പോലീസുമാണ് ട്രെയിനുകളുടെയും യാത്രക്കാരുടെയും സുരക്ഷയ്ക്കുവേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലൂടെ 235 ട്രെയിനുകൾ ഓടുന്നുണ്ടെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. 77 ട്രെയിനുകൾക്കാണ് റെയിൽവേ പോലീസിന്റെ പട്രോളിംഗ് സംവിധാനമുള്ളത്. മറ്റുള്ള ട്രെയിനുകൾക്ക് ആർ.പി.എഫ്. സംരക്ഷണമാണ് നൽകുന്നത്. പ്രധാനപ്പെട്ട പ്ലാറ്റ്ഫോമുകളിൽ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ അധീനതയിലുള്ള കേരള റെയിൽവേ പോലീസിന്റെ ശമ്പളമടക്കം 50 ശതമാനം ചെലവ് നിർവ്വഹിക്കുന്നത് റെയിൽവേയാണ്. എന്നാൽ പോലീസുകാരുടെയും വനിതാ പോലീസുകാരുടെയും എണ്ണത്തിന്റെ വർദ്ധനവിനനുസരിച്ച് റെയിൽവേയോട് ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും അത് ഇതുവരെ പരിഹരിക്കപ്പെട്ടില്ല. നമുക്ക് പോസ്റ്റ് കൊടുക്കണമെങ്കിൽ റെയിൽവേ പോസ്റ്റ് അനുവദിക്കണം. എത്ര ആവശ്യപ്പെട്ടിട്ടും കുറച്ച് കാലമായി അധികം പോസ്റ്റ് അവിടെ അനുവദിക്കാതിരിക്കുകയാണ്. ഇപ്പോൾ കേരള റെയിൽവേ പോലീസിൽ ജോലി ചെയ്തുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

56 വനിതാ പോലീസുകാർ റെയിൽവേ ബോർഡ് അനുവദിച്ചിട്ടുള്ള തസ്തികയുടെ അടിസ്ഥാനത്തിലല്ല അനുവദിച്ചിട്ടുള്ളത്. അഡീഷണലായി ആ ബാധ്യത മുഴുവൻ സംസ്ഥാനം വഹിച്ചുകൊണ്ടാണ് ഈ പുതിയ പ്രക്രിയയ്ക്ക് ഇപ്പോൾ രൂപം കൊടുത്തിട്ടുള്ളത്. കേരള പോലീസ് ആസ്ഥാനത്തുനിന്നും വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിലാണ് ഇവരെ നിയമിച്ചിട്ടുള്ളത്. നിലവിലുള്ള വനിതാ പോലീസുകാരെ ലേഡീസ് കമ്പാർട്ടുമെന്റിൽ സുരക്ഷയ്ക്കായി നിയോഗിക്കുന്നുണ്ട്. കൂടാതെ ട്രെയിനിൽ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള പോലീസുകാരെ വനിതാ കമ്പാർട്ടുമെന്റിൽ കയറി പരിശോധിക്കുവാൻ ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ട്രെയിനിൽ സഞ്ചരിക്കുമ്പോൾ ബുദ്ധിമുട്ടുകൾ ഉണ്ടാകുകയാണെങ്കിൽ റെയിൽവേ അലർട്ടിൽ വിവരം അറിയിക്കണമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. നിലവിലുള്ള കേരള റെയിൽവേ പോലീസിന്റെ അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ കഴിയുന്നത്ര ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും പോലീസ് പട്രോളിംഗ് ഏർപ്പെടുത്തി യാത്രക്കാർക്ക് മതിയായ സംരക്ഷണം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ലോക്കൽ പോലീസിൽനിന്നും പോലീസുകാരെ റെയിൽവേ പ്ലാറ്റ്ഫോമിൽ നിയമിച്ച് യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കും. ഇതുസംബന്ധിച്ച് റെയിൽവേ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് റെയിൽവേ സുരക്ഷിതത്വത്തിനുവേണ്ടി കൂടുതൽ സേനയെ അനുവദിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെടുന്നതാണ്. ഇതൊരു ഗൗരവതരമായ പ്രശ്നമായി കണ്ടുകൊണ്ട് ഹോം സെക്രട്ടറി പോലീസിന്റെയും റെയിൽവേ ഓഫീസേഴ്സിന്റെയും ഒരു യോഗം കഴിയുന്നത്രവേഗം ഇന്നോ നാളെയോ വിളിച്ച് കൂട്ടണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗൗരവതരമായി സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി റെയിൽവേ സുരക്ഷിതത്വത്തിന്റെ കാര്യത്തിലിടപെടാൻ റെയിൽവേയുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണം ഉണ്ടാക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റെയിൽവേ വകുപ്പുമന്ത്രി ശ്രീമതി മമതാ ബാനർജി മൂന്ന് ലക്ഷംരൂപ ആ കുടുംബത്തെ സഹായിക്കാൻ കൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആ കുടുംബത്തെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റും സാധ്യമാകുന്ന എന്ത് സഹായം ചെയ്യാൻ പറ്റുമെന്നുള്ളത് ബുധനാഴ്ച ചേരുന്ന മന്ത്രിസഭാ യോഗത്തിൽ ആലോചിക്കുന്നതാണ്.

മി. സ്പീക്കർ : പ്രതിയെ പിടികൂടുന്ന കാര്യത്തിൽ പോലീസ് കാണിച്ച ജാഗ്രത അഭിനന്ദിക്കേണ്ടതാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വളരെ വിശദമായി ഇക്കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ആ സംഭവമുണ്ടായ സന്ദർഭത്തിൽ വിവരം കിട്ടിയ ഉടനെതന്നെ നാട്ടുകാർ, ചെറുതുരുത്തി പരിസരത്തുണ്ടായിരുന്ന ജനങ്ങൾ രാത്രി സമയത്ത് നടത്തിയ തെരച്ചിലിൽ രക്തത്തിൽ കുളിച്ച് കിടക്കുന്ന പെൺകുട്ടിയെയാണ് കണ്ടെത്തിയത്. ആ സന്ദർഭത്തിലാണ് ഞങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും പടക്കം പൊട്ടിത്തെറിച്ച സംഭവവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ അന്വേഷിച്ചതിനുശേഷമാണ് ഈ അപകട സ്ഥലത്തേക്ക് വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് മുൻപ് പോലീസ് എസ്കോർട്ട് പോയിരുന്ന അന്തിക്കാട് അഡീഷണൽ എസ്.ഐ.യുടെ നേതൃത്വത്തിലുള്ള വണ്ടി ഉടനെതന്നെ നിറുത്തി, ഒപ്പം ശ്രീ. സി. പി. മുഹമ്മദും ഉണ്ടായിരുന്നു, ഉടനെ കുട്ടിയെ ആശുപത്രിയിൽ എത്തിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാർ ഒന്നടങ്കം ഒരു ടീം ആയിനിന്ന് സാധ്യമായതെല്ലാം ആശുപത്രിയിൽനിന്ന് ചെയ്തിട്ടുണ്ട്. പ്രതിയെ കണ്ടെത്തുന്നതിന് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ നടപടികളും മറ്റ് കാര്യങ്ങളും വളരെ ദ്രുതഗതിയിൽ നടന്നിട്ടുണ്ട്. മിനിഞ്ഞാന്നുതന്നെ ആശുപത്രിയിലെത്തി ആ കുട്ടിയുടെ അമ്മയേയും ബന്ധുക്കളേയുമൊക്കെ കണ്ട് സംസാരിച്ച് അടിയന്തരമായ സഹായങ്ങളൊക്കെ ചെയ്തിട്ടുണ്ട്. മരണപ്പെട്ട വാർത്ത ഇന്നലെ അറിഞ്ഞയുടനെ ഞങ്ങളെല്ലാവരും അവിടെ എത്തിയിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കറും ശ്രീ. സി. പി. മുഹമ്മദും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും ഡെപ്യൂട്ടി സ്പീക്കറും അവിടെയെത്തിയിട്ടുണ്ടായിരുന്നു. ഇന്നലെ ആശുപത്രിയിലും ഇന്ന് പോസ്റ്റുമോർട്ടം കഴിഞ്ഞ് കൊണ്ടുവരുമ്പോഴും പതിനായിരങ്ങളാണ് തടിച്ചുകൂടിയത്. ഈ പറഞ്ഞ കാര്യങ്ങളെല്ലാം ആശ്വാസമുള്ളതാണ്. പക്ഷേ റെയിൽവേയുടെ ഭാഗത്തുനിന്നും അന്വേഷണത്തിന്റെ കാര്യത്തിലുള്ള അനാസ്ഥയെക്കുറിച്ച് ഒരു വാക്ക് പറയാതിരിക്കാൻ പറ്റുകയില്ല. സഹായം ഇന്നലെ പ്രഖ്യാപിച്ചുവെങ്കിലും ഒരു തരത്തിലുള്ള അന്വേഷണമേ വേണ്ട എന്ന രീതിയിൽ ഒരന്വേഷണവുമുണ്ടായില്ല. ഈ സംഭവത്തിൽ അതൊക്കെ ഗൗരവമായിട്ടെടുക്കണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ വേഗത്തിൽ ചർച്ചയൊക്കെ നടക്കും കാര്യങ്ങളുമൊക്കെ ചെയ്യും. ആ കുടുംബത്തിന് കൂടുതൽ സഹായം നല്കുന്നതിനുള്ള കാര്യങ്ങൾ മന്ത്രിസഭായോഗം ചേരുമ്പോൾ തീരുമാനിക്കും. റെയിൽവേ ഇപ്പോൾ പ്രഖ്യാപിച്ചത് സ്വാഗതം ചെയ്യുന്നതിനോടൊപ്പംതന്നെ കൂടുതൽ സഹായം നല്കണം. അവർ അത്രയും ദയനീയമായ സ്ഥിതിയിലാണ്. അതുകൊണ്ട് മന്ത്രിസഭാ യോഗത്തിൽ കൂടുതൽ ചർച്ച ചെയ്ത് സഹായം ചെയ്യാം. റെയിൽവേയെക്കൊണ്ട് കൂടുതൽ സഹായം ചെയ്യിപ്പിക്കുന്ന കാര്യങ്ങൾ ഉൾപ്പെടെ കൂടുതൽ ഇടപെടൽ വേണ്ടിവരുമെന്ന ഒരഭിപ്രായം ഇവിടെ രേഖപ്പെടുത്തിയെന്നു മാത്രമേയുള്ളു. ഞാൻ മറ്റൊരു ചർച്ചയ്ക്കുവേണ്ടി പറഞ്ഞതല്ല. അവിടെ ഇതിനെ സംബന്ധിച്ച് വലിയ പ്രതിഷേധമാണുണ്ടായിട്ടുള്ളത്.

3. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ്

ശ്രീ. പി. വിശ്വൻ : സർ, മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ അനുവദിക്കുക, ലൂബ്രിക്കേഷൻ ഓയിൽ വിത്ത് കെറോസിൻ മിക്സഡ് വിത്ത് സബ്സിഡി വിത്തൗട്ട് പെർമിറ്റ് എന്നുള്ളതാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ ഇന്ധനമെന്നുള്ള നിലയിൽ മണ്ണെണ്ണ അനുദിനം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഇന്ന് മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് പ്രകാരം ലഭിക്കുന്ന മണ്ണെണ്ണ യഥാർത്ഥത്തിൽ പര്യാപ്തമല്ല. മിക്കപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly